

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 12

# കാരുണ്യം കാണിക്കുന്ന ഈശോ



അവൻ അവരുടെ സിനഗോഗുകളിൽ
പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം
പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും
വ്യാധികളും സുഖപ്പെടുത്തിയും
ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു.

ഈശോ പോയ സ്ഥലങ്ങളിലെല്ലാം

ആളുകൾ രോഗികളെ കൊു

വന്നിരുന്നു. ഈശോയ്ക്ക് അവരോട്

അനുകമ്പ തോന്നി അവരെ സുഖപ്പെടുത്തി.

ഈശോ കരുണയുള്ളവനാണ്.

വേദനിക്കുന്നവരോട് അവിടുന്ന് അനുകമ്പ കാണിക്കുന്നു.

അവിടുന്ന് ഈ ലോകത്തിലേയ്ക്കു വന്നതു നമ്മുടെ

വേദനകൾ മാറ്റുവാൻ വേിയാണ്.

ഈശോ കരുണ കാണിച്ചതുപോലെ

നാമും വേദനിക്കുന്നവരോടു

കരുണ കാണിക്കണം.

ഈശോ പറയുന്നു: ‘നിങ്ങളുടെ പിതാവ്
കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും
കരുണയുള്ളവരായിരിക്കുവിൻ’.

# നമുക്കു പാടാം



കനിവൊടു കർത്താവരുളുന്നു
പശിയുള്ളോർക്കിന്നാഹാരം
ബന്ധിതരായോർക്കെന്നെന്നും
നാഥൻ മോചനമേകുന്നു.

കുരുടൻമാരുടെ നയനങ്ങൾ
കർത്താവാണ് തുറന്നിടുവോൻ
താഴ്ന്നമുഖങ്ങളുയർത്തിടുമ്പോൾ
കർത്താവല്ലോ എന്നാളും.





# നമുക്കുപ്രാർത്ഥിക്കാം

**എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. അവിടുത്തെ**
**അനുഗ്രഹങ്ങൾ മറക്കരുത്. നിന്റെ പാപങ്ങൾ അവിടുന്നു**
**പൊറുക്കുന്നു. നിന്റെ രോഗങ്ങൾ**
**അവിടുന്നു സുഖമാക്കുന്നു..**

## നമുക്ക് അനുകരിക്കാം

**വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും**
**അവരോട് കരുണ കാണിക്കുകയും ചെയ്ത ഈശോയെപ്പോലെ**
**ഞാനും വേദനിക്കുന്നവരോടു കരുണ കാണിക്കും.**

# ബോധ്യങ്ങൾ

* ഈശോ കാരുണ്യവാനാണ്.

* ഈശോ ധാരാളം രോഗികളെ സുഖപ്പെടുത്തി.

* നമ്മളും മറ്റുള്ളവരോടു കരുണ കാണിക്കണ
മെന്ന് ഈശോ ആഗ്രഹിക്കുന്നു.



# മനോഭാവങ്ങൾ

* ഈശോ കരുണ കാണിച്ചതുപോലെ വേദനിക്കുന്നവരോടു നാമും കരുണ കാണിക്കണം.

* നമ്മോടു കരുണ കാണിക്കുന്ന ഈശോയോടു നാം നന്ദിയും സ്നേഹവും ഉള്ളവരാകണം.

* ഈശോയുടെ വചനങ്ങൾ കേൾക്കുവാനും അതനുസരിക്കുവാനും നാം ഉത്സാഹം കാണിക്കണം.





## ശീലങ്ങൾ

* വീട്ടിൽ വരുന്ന ഭിക്ഷക്കാരെ ആട്ടിയോടിക്കാതെ അവർക്ക് കഴിയുന്ന സഹായം നൽകുക.

* അംഗവൈകല്യമുള്ളവരെയും മാനസികാസ്വാസ്ഥ്യമുള്ളവരേയും പരിഹസിക്കാതിരിക്കുക.

* വീട്ടിൽ രോഗികളായി കഴിയുന്നവരേയും പ്രായംചെന്നവരേയും സഹായിക്കുക.



# THANK YOU